## പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 2651 — 12.02.2019-ൽ മറുപടിയ്ക്ക്.

# ക്ഷീരമേഖലയിലേക്ക് കൂടുതൽ കർഷകർ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) ഉപജീവനമാർഗ്ഗം എന്നതിലുപരിയായി വാണിജ്യാടിസ്ഥാനത്തിൽ സംഘടിതരീതിയിൽ ക്ഷീരമേഖലയിലേക്ക് കൂടുതൽ കർഷകരെ കൊണ്ടുവരുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) ക്ഷീരമേഖലയിലേയ്ക്ക് വാണിജ്യാടിസ്ഥാനത്തിൽ കൂടുതൽ കർഷകരെ കൊണ്ടുവരുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.<br>മിൽക്ക് ഷെഡ് ഡെവലപ്പ്മെന്റ് പദ്ധതി പ്രകാരം പത്ത്, ഇരുപത് കറവപ്പശുക്കൾ അടങ്ങിയ യൂണിറ്റിനുള്ള പദ്ധതി പ്രധാനമായും വാണിജ്യാടിസ്ഥാനത്തിൽ ക്ഷീരമേഖലയിലേയ്ക്ക് കർഷകരെ കൊണ്ടുവരുന്നത് ഉദ്ദേശിച്ച് നടപ്പിലാക്കുന്നു. ഈ പദ്ധതി പ്രകാരം യന്ത്രവൽക്കരണത്തിലൂടെ ഉല്പാദനച്ചെലവ് കുറച്ച് കർഷകർക്ക് കൂടുതൽ മെച്ചപ്പെട്ട ആദായം ഉറപ്പാക്കുന്നതിന് കഴിയുന്നുണ്ട്. പത്ത് പശു യൂണിറ്റിന് 3,66,000 രൂപയും 20 പശു യൂണിറ്റിന് 7,00,000/- രൂപയുമാണ് ധനസഹായമായി നൽകുന്നത്.<br>വാണിജ്യാടിസ്ഥാനത്തിൽ തരിശുഭൂമിയിലും മറ്റും തീറ്റപ്പുൽക്കൃഷി നടത്തി തീറ്റപ്പുല്ലിന്റെ വിപണനം ക്ഷീര സംഘം മുഖേന നടത്തുന്നതിനുള്ള സാഹചര്യമുണ്ടാക്കിയതിനാലും കൂടുതൽ പേരെ ഈ മേഖലയിലേയ്ക്ക് കൊണ്ടുവരുന്നതിന് കഴിഞ്ഞിട്ടുണ്ട്.<br>ക്ഷീരസംഘങ്ങൾ മുഖേന 100 കിടാരികൾ അടങ്ങിയ ഹീഫർ പാർക്ക് സ്ഥാപിക്കുന്നതിന് തുടക്കമിട്ടത് കൂടുതൽ ജനിതകഗുണവും ഉല്പാദന ക്ഷമതയുമുള്ള കറവപ്പശുക്കളെ കർഷകർക്ക് ലഭ്യമാക്കുന്നതിനും അതുവഴി കൂടുതൽ കർഷകരെ ഈ മേഖലയിലേയ്ക്ക് കൊണ്ടുവരുന്നതിനുമാണ്. |
| (ബി) എങ്കിൽ ഇതിനായി എത്ര തുകയാണ് വകയിരുത്തിയത്; എത്ര തുക ഇതിനകം ചെലവഴിച്ച എന്ന് അറിയിക്കാമോ; | (ബി) 2018-19 സാമ്പത്തിക വർഷത്തിൽ 10 പശു യൂണിറ്റിന് 53 കർഷകർക്ക് ധനസഹായം നൽകുന്നതിന് 193.98 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. 20 പശു യൂണിറ്റിന് 3 കർഷകർക്ക് ധനസഹായം നൽകുന്നതിന് 21 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.<br>വാണിജ്യാടിസ്ഥാനത്തിൽ 67 ഹെക്ടർ സ്ഥലത്ത് തരിശുഭൂമിയിൽ തീറ്റപ്പുൽകൃഷി വ്യാപകമാക്കുന്നതിന് 62.315 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കി പൂർത്തിയാക്കി വരുന്നു. കൂടാതെ ഒരു ഹീഫർ പാർക്കിന് 19,37,500/- രൂപയാണ് സബ്സിഡിയായി നൽകുന്നത്. |

| | |
|---|---|
| (സി) ഈ പദ്ധതിയിലൂടെ പാലുല്പാദനത്തിൽ കൈവരിച്ച നേട്ടം എന്താണെന്ന് വിശദമാക്കാമോ? | (സി) ക്ഷീരവികസന വകുപ്പ് നടത്തിയ പദ്ധതികളുടെ ഫലമായി 2016-17 വർഷം ക്ഷീരസംഘങ്ങൾ വഴിയുള്ള പാലുല്പാദനം പ്രതിദിനം 16.27 ലക്ഷം ലിറ്റർ ആയിരുന്നത് 2018-19 വർഷത്തിൽ പ്രതിദിനം 18.42 ലക്ഷം ലിറ്ററായി വർദ്ധപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. സംഭരണത്തിൽ ഏകദേശം 13% വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഈ പ്രവർത്തനം കൂടി കണക്കിലെടുത്താണ് പ്രമുഖ മാധ്യമസ്ഥാപനമായ ഇന്ത്യ ടുഡേ രാജ്യത്തെ മികച്ച ക്ഷീരോല്പാദക സംസ്ഥാനമായി കേരളത്തെ തെരഞ്ഞെടുത്തതും അവാർഡ് നൽകിയതും.<br>സംസ്ഥാനത്ത് നിലവിൽ ആവശ്യമുള്ള പാലിന്റെ ഏകദേശം 83% ഉല്പാദിപ്പിക്കുന്നുവെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു. |

**സെക്ഷൻ ഓഫീസർ**